നാലാം പഞ്ചവൽസരപദ്ധതി

* 196. [720] [ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) നാലാം പഞ്ചവൽസരപദ്ധതിയിൽ പൊതുമേഖലയിലും സഹകാര്യമേഖലയിലും ഉള്ള നിക്ഷേപങ്ങൾ എത്രയായിരിക്കും;

(ബി) പൊതുമേഖലയിൽ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന വ്യവസായങ്ങൾ ഏവ;

(സി) കേന്ദ്രഗവൺമെൻറിന്റെ വകയായി എന്തെങ്കിലും വ്യവസായം ഇവിടെ ആരംഭിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത വ്യവസായത്തിന്റെ നിക്ഷേപ സംഖ്യ, സ്ഥലം തൊഴിൽ സാധ്യത എന്നിവ വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്ചുതമേനോൻ)

(എ–ഡി) നാലാം പഞ്ചവൽസരപദ്ധതിക്ക് അവസാനരൂപം നൽകി കഴിഞ്ഞിട്ടില്ല. ഈ മാസം 21, 22 തീയതികളിൽ ഡൽഹിയിൽവച്ചു കൂടുന്ന ദേശീയ വികസന കൗൺസിലിൽ ഈ കാര്യം പരിഗണിക്കുന്നതാണ്. അതിനു ശേഷമേ ഈ കാര്യങ്ങളെപ്പറ്റി എന്തെങ്കിലും വിശദമായ വിവരങ്ങൾ നൽകുവാൻ കഴിയൂ.

ഐ. പി. എസ്. തസ്തികകളിൽ ഉദ്യോഗം ലഭിക്കുന്നതിനുള്ള യോഗ്യതകൾ

* 197. [722] [ശ്രീ. ജെ. കമാലിയസ് മൊറായിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. പി. എസ്. തസ്തികകളിൽ നിയമനം കിട്ടുന്നതിന് പോലീസു ഡിപ്പാർട്ടുമെൻറിൽ ഡെപ്യൂട്ടി എസ്. പി. മാരായി ഇരിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ എന്തെല്ലാമെന്ന് ഗവൺമെൻറു നിശ്ചയിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാം?

(സി) ഈ നിശ്ചിത യോഗ്യതയുള്ള എത്ര ഡെപ്യൂട്ടി. എസ്. പി. മാർ സർവ്വീസിൽ ഉണ്ട്?

മുഖ്യമന്ത്രി (ശ്രീ. സി. അച്ചുതമേനോൻ)

(എ) ഉണ്ട്.

(ബി) ഡി. വൈ. എസ്. പി. യോ അതിനു തുല്യമോ ആയ തസ്തികകളിൽ തുടർച്ചയായി എട്ടുവർഷം സർവ്വീസുള്ളവരും, സ്ഥിരമായവരും തെരഞ്ഞെടുപ്പുനടത്തുന്ന വർഷം ജനുവരി 1–ാം തീയതി, സാധാരണ ഗതിയിൽ 52 വയസു തികയാത്തവരും അർഹരാണ്.

(സി) 12.

LIBRARY ARCHIVES Kerala Legislative Assembly